LIBRARY ARCHIVES Kerala Legislative Assembly

(9) കൂത്താട്ടുകുളം കേന്ദ്രമാക്കി താലൂക്ക് രൂപീകരണം

ശ്രീ. ജോണി നെല്ലൂർ: സർ, വർഷങ്ങളായി കൂത്താട്ടുകുളം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളതാണ്. കഴിഞ്ഞ 15 വർഷമായി മുടങ്ങാതെ ഈ സഭയിൽ സബ്മിഷനിലൂടെയും പ്രസംഗത്തിലൂടെയും ഞാനും ഇത് ആവശ്യപ്പെട്ടിരുന്നു. മാറി മാറി വരുന്ന ഗവൺമെന്റുകളൊക്കെ ഇതിനായി കമ്മീഷനെ വയ്ക്കും. കൂത്താട്ടുകുളം കേന്ദ്രമാക്കി ഒരു താലൂക്ക് വേണമെന്നാണ് എല്ലാ കമ്മീഷനുകളും അഭിപ്രായപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിന്റെ അവസാനനാളുകളിൽ കൂത്താട്ടുകുളം കേന്ദ്രമായി ഒരു താലൂക്ക് രൂപീകരിക്കുമെന്ന പ്രഖ്യാപനം നടത്തി. എന്നാൽ അത് പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങി. വൈകാരികമായി കൂത്താട്ടുകുളത്തോടും മൂവാറ്റുപുഴയോടുമൊക്കെ ബന്ധമുള്ള ആളാണ് നമ്മുടെ റവന്യൂമന്ത്രി. എന്റെ വിനീതമായ അഭ്യർത്ഥന ഇപ്രാവശ്യമെങ്കിലും ഈ സർക്കാരിന്റെ കാലാവധി തീരുന്നതിനു മുമ്പ് വളരെക്കാലമായി ആഗ്രഹിക്കുന്നതും നാം പലപ്പോഴും പ്രഖ്യാപിച്ചിട്ടുള്ളതുമായ കൂത്താട്ടുകുളം താലൂക്ക് ഒരു യാഥാർത്ഥ്യമാക്കാൻ തയ്യാറാകണം. ഇക്കാര്യത്തിൽ ഇനിയും ഉപേക്ഷ വിചാരിക്കരുത് എന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട ജോണി നെല്ലൂർ ആഗ്രഹിക്കുന്നതുപോലെ കൂത്താട്ടുകുളത്ത് ഒരു താലൂക്ക് ഉണ്ടായി കാണാൻ എനിക്കും വലിയ ആഗ്രഹമുണ്ട്. ഇതിനായി നമ്മൾ ഒരു കമ്മീഷനെ വച്ചു. ആ കമ്മീഷന്റെ അവസാന റിപ്പോർട്ട് വരാതെ എനിക്ക് അതിനെക്കുറിച്ച് അഭിപ്രായം പറയാൻ വിഷമമാണ്. അവസാന റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തീർച്ചയായിട്ടും കേരളത്തിലാവശ്യമായ സ്ഥലങ്ങളിൽ, അർഹതയുള്ള കേന്ദ്രങ്ങളിൽ താലൂക്ക് കൊണ്ടു വരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ഇതൊരു ഭണ്ഡാരപെട്ടിപോലെയാണ്. തുറന്നുകഴിഞ്ഞാൽ താലൂക്കുകൾ ഒരിടത്തും നിൽക്കില്ല. അവിടെ വേണം, ഇവിടെ വേണം എന്നൊക്കെയുള്ള പ്രശ്നം വരും. അതൊരു വലിയ പ്രശ്നമായി മാറാതിരിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. എന്നാൽ ആവശ്യമുള്ളിടത്തൊക്കെ താലൂക്ക് കൊടുക്കുകയും വേണം. ഇതിന്റെ ഇടയ്ക്ക് നിന്നുകൊണ്ട് ഒരു സമവായത്തിലൂടെ ഗവൺമെന്റ് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

V. അറിയിപ്പ്

ഗവർണ്ണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടം 7-ാം ഉപചട്ട പ്രകാരം ഗവർണ്ണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുകയാണ്.

"I thank the 11th KLA for the Motion of Thanks adopted by its Fourteenth Session on my address to the Assembly on 3rd February 2006."